Draft #1 of File 9022/CITAD SO/2019/CITAD Approved by JOINT REGISTRAR III ADMINISTRATION on 26-Mar-2019 01:30 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാല സർട്ടിഫിക്കറ്റുകൾ ഡിജിലോക്കർ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും, ഓപ്പൺ API സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഒഫീഷ്യൽ ഓൺലൈൻ ട്രാൻസ്ക്രിപ്റ്റ് നൽകുന്നതും - സംബന്ധിച്ച്

---

**സിറ്റാഡ് സെക്ഷൻ**

നമ്പർ. 1197/CITAD/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 26.03.2019

---

പരാമർശം:-1. 7/12/2018- ലെ ഇ പേയ്മെന്റ് മീറ്റിംഗ് മിനിറ്റ്സിന്റെ ഐറ്റം നം 16 , 17

2. ഐ.ടി കൺസൾട്ടന്റിന്റെ പ്രപ്പോസൽ

3. 20/02/2019- ലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലെ അസോസിയേറ്റ് പ്രൊഫസർ ഡോ ബിന്ദു വി ആർ ന്റെ ഇമെയിൽ

**ഉത്തരവ്**

സർവ്വകലാശാല സർട്ടിഫിക്കറ്റുകൾ ഡിജിലോക്കർ സംവിധാനത്തിൽ ഉൾപ്പെടുത്തുക, ഓപ്പൺ API (Application Program Interface) സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഒഫീഷ്യൽ ഓൺലൈൻ ട്രാൻസ്ക്രിപ്റ്റ് നൽകുക എന്നീ ഡിജിറ്റൽ സേവനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർവ്വകലാശാല ഐ.ടി കൺസൾട്ടന്റ് മുന്നോട്ടു വച്ച പ്രപ്പോസൽ പഠിച്ച് വേണ്ട നിർദേശങ്ങളും ശുപാർശകളും നൽകുന്നതിന് സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലെ അസോസിയേറ്റ് പ്രൊഫസർ ഡോ.ബിന്ദു വി.ആർ നെ ബഹു: വൈസ്ചാൻസിലർ ചുമതലപ്പെടുത്തിയിരുന്നു. സർവ്വകലാശാല 100% ഡിജിറ്റലാകുന്നതിനു വഴിയൊരുക്കുന്നതാണ് ടി പ്രോജക്ട് എന്ന് പ്രൊപോസൽ വിശകലനം ചെയ്ത ഡോ. ബിന്ദു വി ആർ അഭിപ്രായപ്പെട്ടിരുന്നു. ഐ ടി കോർഡിനേറ്റർ സമർപ്പിച്ച പ്രോജക്ട് വിശദമായി പരിശോധിച്ച വൈസ് ചാൻസിലറുടെ ചുമത വഹിക്കുന്ന പ്രോഫസർ, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലെ അസോസിയേറ്റ് പ്രൊഫസർ ഡോ ബിന്ദു വി ആർ നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിൽ സർട്ടിഫിക്കറ്റുകൾ ഡിജിലോക്കർ സംവിധാനത്തിൽ ഉൾപ്പെടുത്തൽ, ഓപ്പൺ API (Application Program Interface) സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഒഫീഷ്യൽ ഓൺലൈൻ ട്രാൻസ്ക്രിപ്റ്റ് നൽകൽ എന്നീ ഡിജിറ്റൽ സേവനങ്ങൾ ഏർപ്പെടുത്തുന്നതിന് ഉത്തരവായിരിക്കുന്നു.

ടി പ്രൊജക്ടുമായി ബന്ധപ്പെട്ട് ഐ.ടി കൺസൾട്ടന്റ് മുന്നോട്ടുവെച്ച ചുവടെ ചേർത്തിരിക്കുന്ന ശിപാർശകൾ അംഗീകരിച്ച് വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു ..

1. പ്രൊജക്റ്റ് നടത്തിപ്പിനായി ഒരു ഗവേണിങ് കമ്മറ്റി രൂപീകരിക്കുക .
2. ഗവ:അംഗീകൃത ഡിജിലോക്കർ പാർട്ണർമാരിൽ നിന്നും മാത്രം നിർദിഷ്ട ഫോർമാറ്റിൽ പങ്കാളിത്തത്തിനു വേണ്ട അപേക്ഷ സിറ്റാഡ്(CITAD) സെക്ഷൻ മുഖേന സ്വീകരിക്കുക .
3. ഗവേണിങ് കമ്മറ്റിക്ക് വേണ്ട സാങ്കേതിക മൂല്യനിർണയം നടത്തുന്നതിന് സിറ്റാഡ് സെക്ഷനെ ചുമതലപ്പെടുത്തുക .
4. സിറ്റാഡിന്റെ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ ഗവേണിങ് കമ്മറ്റിക്ക് ഡിജിലോക്കർ/APIകണക്റ്റിവിറ്റിക്കുള്ള അപേക്ഷ സ്വീകരിക്കുകയോ നിരസിക്കുകയോ

ചെയ്യുവാൻ സാധിക്കും .

5. നിർദിഷ്ട ഫോർമാറ്റിൽ ടി അപേക്ഷകൻ സർവകലാശാലയുടെ രജിസ്റ്റേഡ് പാർട്ടണർ ആണെന്ന് കാണിക്കുന്ന കത്ത് അപേക്ഷകന് നൽകുക.
6. ടി സാങ്കേതിക വിദ്യ നടപ്പിലാക്കുന്നതിന് വേണ്ട API രൂപീകരിക്കുന്നതിനും ആയത് രജിസ്റ്റേഡ് പാർട്ടണർമാർക്ക് ഉപയോഗിക്കുന്നതിനുമുള്ള അനുമതി നൽകുക .

പ്രൊജക്റ്റിന്റെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ചുവടെ നാമനിർദേശം ചെയ്തിട്ടുള്ള വ്യക്തികളെ ഉൾ പ്പെടുത്തി ഒരു ഗവേണിങ് കമ്മറ്റി രൂപീകരിച്ച് വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു .

1. വൈസ് ചാൻസലർ
2. ഡോ. കെ. ജയചന്ദ്രൻ, സിൻഡിക്കേറ്റംഗം
3. രജിസ്ട്രാർ
4. പരീക്ഷാ കൺട്രോളർ
5. ഫിനാൻസ് ഓഫീസർ
6. ഡോ. ബിന്ദു വി.ആർ., അസോസിയേറ്റ് പ്രൊഫസ്സർ, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്
7. ജോയിന്റ് രജിസ്ട്രാർ - 3 (ഭരണം)
8. സിസ്റ്റം മാനേജർ ഇൻ-ചാർജ്ജ്
9. ശ്രീ.ശബരീഷ് ജി., സെക്ഷൻ ഓഫീസർ, നാഡ് സെക്ഷൻ
10. ശ്രീ. മുരളി ആർ., സെക്ഷൻ ഓഫീസർ, സിറ്റാഡ്

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാബു തോമസ്

ജോയിന്റ് രജിസ്ട്രാർ 3 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
4. എല്ലാ എ.ആർ/ഡി.ആർ/ജെ.ആർ -മാർ
5. സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി/ ഡേ ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 9022/CITAD SO/2019/CITAD Approved by JOINT REGISTRAR III ADMINISTRATION on 26-Mar-2019 01:30 PM - Page 2